വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ബോണസ്സ് കൊടുക്കുന്നതു സംബന്ധിച്ചു് ഗവൺമെണ്ടിൽനിന്നും ഉത്തരവു കൊടുക്കാറില്ല. കൺസിലിയേഷൻ വഴിയായോ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ നൽകുന്ന അവാർഡുവഴിയായോ ആണു് ബോണസ്സുകൂടി കൊടുക്കുന്നതു്.

## എ. ഡി. കാട്ടൻ മില്ലിലെ തുണികൾ

*൭൦൫. (൫൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

കൊല്ലം എ. ഡി. കാട്ടൻമില്ലിൽ ഉണ്ടാക്കുന്ന തുണിത്തരങ്ങൾ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുകയാണോ; ആണെങ്കിൽ അതിനുള്ള കാരണമെന്തെന്നും പ്രതിവർഷം എത്രമാത്രം തുണികൾ കയറ്റുമതി ചെയ്യുന്നു എന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

൧൯൪൩ സെപ്തമ്പർവരെ ഈ മില്ലിൽ ഉണ്ടാക്കിയിരുന്ന തുണിത്തരങ്ങൾ ഏതാണ്ടു വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്തുകൊണ്ടിരുന്നു. ഏതാണ്ടു് ഇവിടെ വില്ക്കയും ചെയ്തിരുന്നു. എന്നാൽ മില്ലിലെ തുണിത്തരങ്ങൾ എല്ലാംതന്നെ ൧൯൪൪ സെപ്തമ്പർ മുതൽ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുകയാണു്. അങ്ങനെ ചെയ്യാൻ അവർക്കു് കേന്ദ്രഗവൺമെണ്ടിൽനിന്നും അനുവാദം ലഭിച്ചിട്ടുണ്ടു്. ഈ മില്ലിൽ ഉണ്ടാക്കുന്ന തുണിത്തരങ്ങൾ മോശമായതിനാൽ ഈ രാജ്യത്തു് ചിലവാക്കുവാനും വളരെ പ്രയാസമാണു്. ൧൯൪൫ ആഗസ്റ്റു് മുതൽ ൧൯൪൬ ആഗസ്റ്റു് വരെ ഒരു ബെയിൽ വിദേശങ്ങളിലേക്കു് ഈ മിൽ കയറ്റുമതി ചെയ്തിട്ടുണ്ടു്.

## SHIFT SYSTEM IN PRIMARY SCHOOLS

*709. [60] **Sri. K. Ramachandran:** Will the Hon'ble Minister for Education be pleased to state.—

whether Government propose to do away with shift system of teaching in primary schools?

*Minister for Education, Labour and Civil Supplies* **[Sri. Panampilli Govinda Menon]:**

Government have already ordered the discontinuance of shift system in primary schools.

## AGRICULTURAL STATISTICAL SURVEY

*710. [61] **Sri. K. Ramachandran:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) the nature and extent of assistance given to the Agricultural Statistical Surveyors;

(*b*) the number of persons deputed to assist them in their work;

(*c*) the maximum amount of allowance made available to them?

*Minister for Public Works, Communication and Agriculture* **(Sri. E. John Philipose):**

(*a*) There are no Agricultural Statistical Surveyors appointed by Government, but certain Statistical Assistants have been appointed to collect complete data of Agricultural crops in the State.

(*b*) At present there is none, but arrangements have been made to appoint Field Assistants for helping the Statistical Assistants in their work.

LIBRARY ARCHIVES Kerala Legislative Assembly

(c) P. T. A. of Rs. 15 P. M. and a sum of Rs. 20 P. M. for contingencies are being given to each.

## നെല്ലുകുത്തുന്നതിനുള്ള മില്‍

൭൫൨. (൬൭) ശ്രീ. സബാസ്റ്റ്യന്‍ തോപ്പില്‍: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവണ്മെണ്ട് സംഭരിക്കുന്ന നെല്ല് കുത്തുന്നതിനായി തിരുവിതാംകൂറിലെ ഏതാനും പ്രദേശങ്ങളില്‍ മില്ലുകള്‍ സ്ഥാപിക്കുവാന്‍ ഗവണ്മെണ്ട് ആലോചിച്ചിരുന്നില്ലേ;

(ബി) അതു് എത്രത്തോളമായി;

(സി) അതിലേക്ക് ലൈസന്‍സിനു് അപേക്ഷിക്കുവാന്‍ ക്ഷണിച്ചിട്ട് എത്ര അപേക്ഷകള്‍ കിട്ടിയിട്ടുണ്ട്;

(ഡി) എവിടെ നിന്നെല്ലാമാണു്?

വിദ്യാഭ്യാസവും തൊഴിലും സിവില്‍ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്‍):

(എ) ആലോചിച്ചിരുന്നു.

(ബി) മില്ലു് സ്ഥാപിക്കുന്നതാണെന്നു് തീരുമാനിച്ചുകഴിഞ്ഞു. ഫുഡ് ഡിപ്പാര്‍ട്ടുമെന്റിലെ റൈസ് മില്‍സ് ലൈസന്‍സിംഗ് ഓര്‍ഡര്‍ എന്ന പേരില്‍ ഒരു നിയമം പുറപ്പെടുവിക്കയും ചെയ്തിട്ടുണ്ടു്. കന്നിപ്പുവില്‍നിന്നു് ഒരുലക്ഷം പറ നെല്ലില്‍ കൂടുതല്‍ കിട്ടുമെന്നുദ്ദേശിക്കുന്ന താലൂക്കുകളില്‍ മില്ലുകള്‍ സ്ഥാപിക്കുവാന്‍ വേണ്ടതായ നടപടികള്‍ എടുത്തുവരുന്നുണ്ടു്. ഒരു മാസത്തിനകം മില്ലുകളില്‍ നെല്ലുകുത്തു് ആരംഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

(സി) മുപ്പതോളം അപേക്ഷകള്‍ കിട്ടി.

(ഡി) വിളവംകോടു്, നെയ്യാറ്റിന്‍കര, നെടുമങ്ങാടു്, പീരുമേടു് എന്നീ താലൂക്കുകള്‍ ഒഴികെയുള്ള എല്ലാ താലൂക്കുകളില്‍നിന്നും അപേക്ഷകള്‍ കിട്ടിയിട്ടുണ്ടു്.

* ൭൫൪. (൬൮) ശ്രീ. സെബാസ്റ്റ്യന്‍ തോപ്പില്‍: താഴെ പറയുന്ന ചോദ്യങ്ങള്‍ക്ക ബഹുമാനപ്പെട്ട അഞ്ചല്‍ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) അഞ്ചല്‍ സേവിംഗ്സ് ബാങ്കിലെ കണക്കുകള്‍ പരിശോധിച്ചു പാസ്സുബുക്കുകളില്‍ നിയമപ്രകാരം പലിശ വരവുവച്ചു കൊടുക്കാന്‍ കാലതാമസം വരുന്നതെന്താണു്;

(ബി) ൧൯൫൫-ലെയും ൧൯൫൬-ലെയും പലിശ വരവുവച്ചു കൊടുത്തിട്ടില്ലെന്ന സംഗതി ഗവണ്മെണ്ടിന്റെ ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോണ്‍ ഫിലിപ്പോസ്):

(എ) നിലവിലുള്ള അക്കൌണ്ടുകളില്‍ ഉണ്ടായിട്ടുള്ള വമ്പിച്ച വര്‍ദ്ധനമൂലം വന്നുചേര്‍ന്നിട്ടുള്ള അസാധാരണമായ ജോലി കൂടുതല്‍ നേരിട്ടന്നതിനു മതിയായ സ്റ്റാഫ് ഇല്ലാത്തതുകൊണ്ടാണു്.

(ബി) ൧൯൫൫-ലേക്കുള്ള പലിശ അക്കൌണ്ടുകളില്‍ ചേര്‍ത്തുവരുന്നു. ൧൯൫൬-ലെ പലിശ ഈ ആണ്ടില്‍തന്നെ ചേര്‍ക്കുന്നതാണു്.

## കാളേജ് പ്രവേശനത്തിന്റെ മാനദണ്ഡം

* ൭൫൫. (൭൫) ശ്രീ. കെ. കെ. കേശവന്‍: താഴെ പറയുന്ന ചോദ്യങ്ങള്‍ക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

LIBRARY ARCHIVES Kerala Legislative Assembly